(സി) ഇത്തരം സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് വിതരണം ചെയ്യുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) മറ്റ് പ്രീ-മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമം തന്നെയാണ് ഇതിനും പാലിക്കുന്നത്. ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടിക ജാതി വികസന ആഫീസർമാർ സ്കൂളുകളിൽ നിന്നും കുട്ടികളുടെ ലിസ്റ്റ് വാങ്ങി പരിശോധിച്ച് ആനുകൂല്യം അനുവദിച്ചു നൽകിവരുന്നു.

(ഡി) 2004-2005 അധ്യയനവർഷത്തിലും സ്റ്റൈപ്പന്റ് നൽകുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിച്ചിട്ടുണ്ട്.

പിന്നോക്ക പട്ടിക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുവാനുദ്ദേശിക്കുന്ന ആനുകൂല്യങ്ങൾ

136 [299] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. സ്റ്റീഫൻ ജോർജ്ജ്:

,, ജോസഫ് എം. പുതുശ്ശേരി:

,, തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക പട്ടികവിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നടപ്പുവർഷം നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ വർഷത്തെ പദ്ധതി നടത്തിപ്പിൽ എത്രത്തോളം തുക ലാപ്സായിട്ടുണ്ട് എന്ന് വിശദീകരിക്കാമോ;

(സി) ഇപ്രകാരം തുക ലാപ്സാകുന്നതിന്റെ കാരണങ്ങളും തുക നഷ്ടപ്പെടാതിരിക്കാൻ കൈക്കൊണ്ട നടപടികളും വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പട്ടികജാതി/പട്ടികവർഗ്ഗ/ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് തലത്തിൽ ലംപ്സംഗ്രാന്റും, പോസ്റ്റ് മെട്രിക് തലത്തിൽ ലംപ്സം ഗ്രാന്റിനു പുറമേ പ്രതിമാസ സ്റ്റൈപ്പന്റും, ഹോസ്റ്റലിൽ താസിച്ചു പഠിക്കുന്നവർക്ക് യഥാർത്ഥ താമസ ഭക്ഷണച്ചെലവും, പോക്കറ്റ് മണിയും, ഫീസാനുകൂല്യങ്ങളും നൽകുന്നു. നടപ്പുവർഷം സ്വാശ്രയ കോളേജുകളിൽ ഗവൺമെന്റ് സീറ്റിൽ അഡ്മിഷൻ നേടിയവർക്ക് ഉയർന്ന ട്യൂഷൻ ഫീസടക്കം എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും അനുവദിച്ചു നൽകുന്നതാണ്.

(ബി) ധനകാര്യ വകുപ്പിൽ നിന്നും അനുവദിച്ചു കിട്ടിയ തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ട്. ലാപ്സാക്കിയിട്ടില്ല.

(സി) ബാധകമല്ല.

സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പും സ്റ്റൈപ്പന്റും

137 [300] ശ്രീ. കെ. എ. ചന്ദ്രൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, കെ. പി. വിശ്വനാഥൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലാകെയുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പും സ്റ്റൈപ്പന്റും നിർത്തലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ ഏവ്;

(സി) സർക്കാരിൽ നിന്നും സാമ്പത്തിക സഹായം പ്രതീക്ഷിച്ചുകൊണ്ട് ഇത്തരം സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ അഡ്മിഷൻ ലഭിച്ച പട്ടിക ജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഇതുമൂലം പഠനം നിർത്തേണ്ടിവന്നിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്രപേർ എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly